നംബർ.സി1/ജി3/1277/റ്റി.സി/2007.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
ട്രാൻസ് ടവർ, വഴുതക്കാട്,
തിരുവനന്തപുരം,
തീയതി: 11.07.2009.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡി.റ്റി.സി മാർക്കും,
എല്ലാ ആർ.ടി.ഒ മാർക്കും,
എല്ലാ ജോയിന്റ് ആർ.ടി.ഒ മാർക്കും.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് – സ്പീഡ് പോസ്റ്റ് സംവിധാനം വഴി രേഖകൾ അയയ്ക്കുന്നത് സംബന്ധിച്ച് –

സൂചന: ഈ ഓഫീസിൽ നിന്നുള്ള 23.12.2008-ലെ സർക്കുലർ നംബർ 27/2008.

മേൽ സൂചന പ്രകാരമുള്ള സർക്കുലറിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത സർക്കുലറിൽ ഖണ്ഡിക 7,13 എന്നിവ പ്രകാരം നൽകിയിരുന്ന നിർദ്ദേശങ്ങൾ മൂലം പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ധാരാളം പരാതികൾ ഈ ഓഫീസിൽ ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾ 11.07.2009-ൽ കൂടിയ ഡി.റ്റി.സി മാരുടെയും ആർ.ടി.ഒ മാരുടെയും ജോയിന്റ് ആർ.ടി.ഒ മാരുടെയും യോഗത്തിൽ ചർച്ച ചെയ്യുകയും അതനുസരിച്ച് സർക്കുലർ 27/2008-ൽ താഴെ പറയുന്ന പ്രകാരമുള്ള ഭേദഗതികൾ വരുത്തിയിരിക്കുന്നു.

(1) ടി സർക്കുലറിന്റെ ഏഴാം ഖണ്ഡിക പ്രകാരം സ്പീഡ് പോസ്റ്റ് മുഖാന്തിരം തപാൽ ഉരുപ്പടികൾ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസിൽ നിന്നും അയയ്ക്കുമ്പോൾ കവറിനു പുറത്ത് "for delivery to the addressee only" എന്ന റബ്ബർ സ്റ്റാമ്പ് പതിപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുത സംവിധാനം മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾക്കു ശേഷം വാഹന രേഖകൾ ഉടമസ്ഥർക്കു ലഭിക്കുന്നതിനു കാലതാമസവും ബുദ്ധിമുട്ടുകളും ഉളവാക്കിയതായി

ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ സ്പീഡ് പോസ്റ്റ് മുഖാന്തിരം രേഖകൾ അയയ്ക്കുന്നതിനും അത് യഥാസമയം ഉടമസ്ഥന് ലഭിക്കുന്നതിനു വേണ്ടി ഏഴാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന ടി നിർദ്ദേശം പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു.

(2) . ടി സർക്കുലറിന്റെ ഖണ്ഡിക 13-ൽ പറഞ്ഞിരുന്ന നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

ഏതെങ്കിലും വ്യക്തമായ കാരണങ്ങളാൽ രേഖകൾ കൈപ്പറ്റാൻ കഴിയാത്തവർക്ക് തന്റെ ഫോട്ടോ പതിച്ച അസ്സൽ തിരിച്ചറിയൽ രേഖയുമായി അപേക്ഷകൻ നേരിട്ട് ഓഫീസ് തലവന്റെ മുമ്പിൽ ഹാജരായി അപേക്ഷ നൽകി രേഖകൾ കൈപ്പറ്റാവുന്നതാണ്. ഓഫീസ് തലവന്റെ മുമ്പിൽ നേരിട്ട് ഹാജരാകുവാൻ സാധിക്കാത്തവർക്ക് തന്റെ ഒപ്പിട്ട അനുമതി പത്രവും തന്റെ രേഖകൾ വാങ്ങുവാൻ ചുമതലപ്പെടുത്തുന്ന ബന്ധുവിന്റെ ഫോട്ടോ പതിച്ച അസ്സൽ / സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ രേഖയുമായി ചുമതലപ്പെടുത്തുന്ന വ്യക്തി ഓഫീസ് തലവന്റെ മുമ്പിൽ ഹാജരാകുകയും ഓഫീസ് തലവന് ഈ അപേക്ഷ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്താൽ രേഖകൾ നേരിട്ട് കൈപ്പറ്റാവുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

11/01/09.

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ,
(ടാക്സേഷൻ)

പകർപ്പ്

പോസ്റ്റ് മാസ്റ്റർ ജനറലിന്റെ അറിവിലേയ്ക്കായി.